ക്ഷീരവികസനവകുപ്പ് ഡയറക്ടറേറ്റ്
പട്ടം, തിരുവനന്തപുരം - 695004
ഫോൺ: 2445749, 2445799
ഇ-മെയിൽ: dairydirector05@yahoo.co.in
dddtvm@gmail.com

നം.സി2/5844/2015 തീയതി, 16-06-2015

**സർക്കുലർ നം.14/2015**

വിഷയം: ക്ഷീരവികസന വകുപ്പ് - പ്രാഥമിക ക്ഷീരസഹകരണ സംഘങ്ങളിൽ നിന്നും ഉല്പാദകർക്ക് പരമാവധി പാൽവില ലഭ്യമാക്കുന്നത് – നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന: 08-02-2008-ലെ സി2-2101/08 നം. സർക്കുലർ.

പരമാവധി കർഷകരെ ക്ഷീരമേഖലയിലേയ്ക്ക് ആകർഷിച്ചുകൊണ്ടുവരേണ്ടതും, നിലവിലുള്ള കർഷകരെ ഈ മേഖലയിൽ പിടിച്ചു നിർത്തേണ്ടതും, ക്ഷീരസഹകരണ സംഘം മുഖേന പാൽവ്യാപാരം നടത്തുന്നതിന് കർഷകരെ പ്രോത്സാഹിപ്പിക്കേണ്ടതും ക്ഷീരസഹകരണസംഘങ്ങളുടെ പരമപ്രധാനമായ കർത്തവ്യമാണ്. ആയതിന് സംസ്ഥാനത്തെ ക്ഷീരകർഷകർക്ക് അവർ ഉല്പാദിപ്പിച്ച് ക്ഷീരസഹകരണസംഘങ്ങളിൽ അളക്കുന്ന പാലിന് പരമാവധി പാൽവില ലഭ്യമാക്കേണ്ടതുണ്ട്.

ഉല്പാദകർ ഒരു ലിറ്റർ പാൽ ക്ഷീരസംഘങ്ങളിൽ അളക്കുമ്പോൾ ലഭിക്കുന്ന വിലയും ടി പാൽ സംഘം മേഖലായൂണിയനിൽ അളക്കുമ്പോൾ ലഭിക്കുന്ന വിലയും തമ്മിൽ വലിയ വ്യത്യാസം (ചീപ്പർ പർച്ചേസ്) ഉണ്ടാകുന്നതായി ശ്രദ്ധയിൽ പെട്ടിരിക്കുന്നു. അതുപോലെ ക്ഷീരസഹകരണസംഘങ്ങളിലെ പ്രാദേശിക വില്പനയും വർദ്ധിച്ചു വരുന്നതായും ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു.

ആയതിനാൽ ഇപ്രകാരം വ്യത്യാസം വരുന്ന സംഖ്യ മാസത്തിൽ ഒരിക്കൽ അംഗങ്ങൾ എന്നോ അംഗങ്ങൾ അല്ലാത്തവർ എന്നോ ഉള്ള വ്യത്യാസം കണക്കിലെടുക്കാതെ എല്ലാ ക്ഷീരോല്പാദകർക്കും അവർ നൽകുന്ന പാലിന്റെ അളവിനും ഗുണനിലവാരത്തിനും അനുസൃതമായി പരമാവധി അധിക വില സംഘങ്ങളുടെ ജനറൽ ഫണ്ടിൽ നിന്നും അനുവദിച്ച് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. സംഘങ്ങളിൽ ചീപ്പർ പർച്ചേസ് ഉണ്ടാകുന്നില്ല എന്നും ഉറപ്പാക്കേണ്ടതാണ്.

ഇപ്രകാരം അധികവില നൽകുന്നതു കാരണം യാതൊരു കാരണവശാലും സംഘത്തിന്റെ നിലവിലുള്ള ക്ലാസ്സിഫിക്കേഷനിൽ കുറവു വരുന്നില്ല എന്നും ക്ഷീരസഹകരണ സംഘങ്ങൾ നഷ്ടത്തിൽ ആകുന്നില്ല എന്നും ഉറപ്പാക്കേണ്ടത് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറു ടെയും സംഘം ഭരണസമിതിയുടെയും ഉത്തരവാദിത്വമായിരിക്കും.

അനുവദനീയമായ നിരക്കിൽ മാത്രമാണ് അധികവില വിതരണം നടത്തുന്നത് എന്ന് സംഘം പരിശോധനാവേളയിൽ വകുപ്പിലെ ഉദ്യോഗസ്ഥൻ ഉറപ്പാക്കേണ്ടതും ആണ്.

കെ.റ്റി.സരോജിനി
ഡയറക്ടർ

എം.എൽ.22-06.